## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6203** — **20.11.2019-ൽ മറുപടിയ്ക്ക്.**

## ക്ഷീരകർഷകരുടെ നഷ്ടം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സജി ചെറിയാൻ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പാൽ വില കൂട്ടിയിട്ടും ക്ഷീരകർഷകരുടെ നഷ്ടം കുറഞ്ഞിട്ടില്ലായെന്നും, കാലിത്തീറ്റയുടെയും പിണ്ണാക്കിന്റെയും വിലവർദ്ധനവും അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവുമാണ് ഇതിന് കാരണമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) തീറ്റവിളകളുടെ ലഭ്യത കുറവും കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾക്ക് മറ്റ സംസ്ഥാനങ്ങളെ ആശ്രയി-ക്കേണ്ടതിനാലും കാലിത്തീറ്റയുടെ വിലവർദ്ധനവ് ഉണ്ടാകുന്നുണ്ട്. എന്നാൽ പാൽ വില വർദ്ധിപ്പിക്കുന്ന സമയത്ത് പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന കാലിത്തീറ്റ കമ്പനികൾ കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കാതിരിക്കുന്ന-തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കൂടാതെ പാലിന്റെ വിപണന വില ലിറ്ററിന് **4** രൂപ വർദ്ധിപ്പിച്ചപ്പോൾ **3.35** രൂപയും കർഷകർക്ക് ലഭ്യമാകുമെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. |
| (ബി) ആയതിന് പരിഹാരമെന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉല്പാദന മേഖലയിൽ മാറ്റിവയ്ക്കുന്ന തുകയിൽ കുറഞ്ഞത് 10% തുക ക്ഷീരകർഷകർക്കുവേണ്ടി മാറ്റിവയ്ക്കുന്നത് സർക്കാർ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (ബി) ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ക്ഷീര സംഘത്തിൽ പാലളക്കുന്ന കർഷകർക്ക് ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതം ഉൾപ്പെടെ ഒരു ലിറ്റർ പാലിന് 4 രൂപ വരെ അധിക വില നൽകുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്.<br>ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിന്റെ നിശ്ചിത ശതമാനം ക്ഷീരമേഖലയ്ക്ക് മാറ്റിവയ്ക്കണമെന്ന ആശയം തദ്ദേശ സ്വയംഭരണ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**